# റിസർവ് ബാങ്ക് ഒഫ് ഇൻഡ്യ

## പ്രസ് റിലീസ്

2020 ജൂൺ 9

**1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (എഎസിഎസ്)
വകുപ്പ് 35 എ, 56 എന്നിവ അനുസരിച്ചുള്ള മാർഗ്ഗ നിർദ്ദേശം -
ദി കാരാഡ് ജനതാ സഹകാരി ബാങ്ക് ലിമിറ്റഡ്
മഹാരാഷ്ട്ര കാരാഡ് ജില്ല - കാലാവധി നീട്ടുന്നതു സംബന്ധിച്ച്**

2017 നവംബർ 7 ലെ ഡിസിബിഎസ്.സിഒ.ബിഎസ്ബി - 1 / ഡി - 4/12.22.126/2017-18 ഉത്തരവുപ്രകാരം കാരാഡിലെ ദി കാരാഡ് സഹകാരി ബാങ്ക് ലിമിറ്റഡിനെ 2017 നവംബർ 9 ലെ പ്രവർത്തനം അവസാനിച്ചതുമുതൽ 6 മാസത്തേയ്ക്ക് പ്രത്യേക മാർഗനിർദ്ദേശത്തിൻ കീഴിൽ ആക്കിയിരുന്നു. ഈ മാർഗനിർദ്ദേശത്തിന്റെ കാലാവധി കാലാകാലങ്ങളിൽ നീട്ടി നൽകുകയും ഒടുവിൽ 2020 ജൂൺ 9 ലെ മാർഗനിർദ്ദേശം ഡിസിബിആർ.സിഒ.എഐഡി/നം. ഡി - 59/12.22.126/ 2018 - 19 പ്രകാരം 2020 ജൂൺ 9 വരെ കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.

2. ഈ നോട്ടിഫിക്കേഷനിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതെന്തെന്നാൽ 2017 നവംബർ 7 ലെ ഡിസിബിആർ.സിഒ.എ ഐഡി - ഐ/ ഡി - 4/12.22.126/2017-18 മാർഗനിർദ്ദേശഉത്തരവു പ്രകാരം, ഭാരതീയ റിസർവ് ബാങ്കിന് 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (സഹകരണ സംഘങ്ങൾക്കു ബാധമായത്) സെക്ഷൻ 35 എ, സബ് സെക്ഷൻ (1) പ്രകാരവും, അതിനോടൊപ്പം സെക്ഷൻ 56 പ്രകാരവും ലഭിച്ചിട്ടുള്ള അധികാരമനുസരിച്ച് മേൽസൂചിപ്പിച്ച മാർഗനിർദ്ദേശത്തിന്റെ കാലാവധി കാലാകാലങ്ങളിൽ നീട്ടിനൽകിയിട്ടുള്ളതും, ഒടുവിൽ 2020

ജൂൺ 9 വരെ നീട്ടിനൽകിയിട്ടുള്ളതുമായ മാർഗനിർദ്ദേശം, 2020 ജൂൺ 3 ലെ ഉത്തരവ് നമ്പർ ഡിസിബിആർ.സി ഒ. എഐഡി/ഡി-84/12.2 2.126/ 2019-20 പ്രകാരം 3 2020 ജൂൺ 10 മുതൽ 2020 സെപ്റ്റംബർ 9 വരെ 3 മാസത്തേയ്ക്കു കൂടി പുന:പരിശോധനയ്ക്കുവിധേയമായി നീട്ടിയിരിക്കുന്നു.

3. മേൽ സൂചിപ്പിച്ച മാർഗനിർദ്ദേശത്തിലെ മറ്റു നിബന്ധനകൾ മാറ്റമില്ലാതെ തുടരുന്നതായിരിക്കും.

4. കാലാവധി നീട്ടിനൽകിയ 2020 ജൂൺ 3 ലെ മാർഗനിർദ്ദേശത്തിന്റെ പകർപ്പ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ബാങ്ക് പരിസരത്ത് പതിച്ചിട്ടുണ്ട്.

5. മേൽ സൂചിപ്പിച്ച കാലാവധി നീട്ടിനൽകൽ / പുതുക്കൽ നിർദേശം നൽകിയെന്നു കരുതി ഭാരതീയ റിസർവ് ബാങ്ക് പ്രസ്തുത ബാങ്കിന്റെ ധനസ്ഥിതിയിൽ കാര്യമായ പുരോഗതിയുണ്ടെന്ന നിലയിൽ സംതൃപ്തരായി എന്ന് കരുതാൻ പാടുള്ളതല്ല.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പത്ര പ്രസ്താവന: 2019-2020/2473**